കേരള സർക്കാർ

# nCORONA VIRUS OUTBREAK CONTROL AND PREVENTION STATE CELL
# HEALTH & FAMILY WELFARE DEPARTMENT
# GOVT. OF KERALA

**Landline:** 0471-2302160 **Mobile:** 9072315151
**Website:** www.dhs.kerala.gov.in **Email:** *controlroomdhskerala@gmail.com*

## വീട്ടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് സമർപ്പിക്കുന്നു

**ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് വീട്ടുകളിൽ നിരീക്ഷണത്തിൽ കഴിഞ്ഞ എല്ലാവരോടും ഞങ്ങൾ നന്ദി അറിയിക്കുന്നു. നിലവിലെ സാഹചര്യത്തിൽ, വീട്ടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ കഴിയുന്നതിനുള്ള മാർഗ്ഗരേഖകൾ പരിഷ്കരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ അനുസരിച്ച് വ്യക്തികളെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. വീട്ടുകളിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന 59 വ്യക്തികളെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ഇന്ന് ഒഴിവാക്കിയിട്ടുണ്ട്.**

## തീയതി: 18/02/2020

26 ലോക രാജ്യങ്ങളിൽ നോവൽ കൊറോണ വൈറസ് രോഗം പടർന്നു പിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2222 പേർ നിരീക്ഷണത്തിലാണ് . ഇവരിൽ 2209 പേർ വീട്ടുകളിലും, 13 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 425 സാമ്പിളുകൾ എൻ. ഐ. വി യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 420 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്. രോഗം സ്ഥിരീകരിച്ച മൂന്ന് പേരിൽ രണ്ട് പേരെ ഡിസ്ചാർജ് ചെയ്തു. ആശുപത്രിയിൽ തുടരുന്ന വ്യക്തിയുടെ ആരോഗ്യനില തൃപ്തികരമാണ്. തുടർപരിശോധനാ ഫലങ്ങൾ കാത്തിരിക്കുന്നു. നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്ക് വകയില്ല.

കൊറോണ വൈറസ് രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും,

ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ 11/02/2020 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വീട്ടുകളിൽ തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

## അനുബന്ധ പ്രവർത്തനങ്ങൾ

- അധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥികൾക്കായി വളരെയധികം പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. പി.റ്റി.എയുടെ പിന്തുണയോടെയാണ് ഈ പരിശീലനങ്ങൾ നടത്തുന്നത്.
- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കും വേണ്ട 46 പരിശീലന സഹായികൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി "കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്" എന്ന ആരോഗ്യവകുപ്പിന്റെ യൂട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (https://www.youtube.com/c/keralahealthonlinetraining).
- സംസ്ഥാന കൺട്രോൾ റൂമും ജില്ല കൺട്രോൾ റൂമുകളും തമ്മിൽ പ്രാധാന്യമേറിയ വിവരങ്ങൾ കൈമാറുന്നതിനും വിശകലനം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തി
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പ വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പ വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൌകര്യങ്ങളും ഉറപ്പ വരുത്തിയിട്ടുണ്ട്.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 215 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 3646 ടെലിഫോണിക്ക് കൌൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | നിരീക്ഷണത്തിൽ നിന്നും ഇന്ന് ഒഴിവാക്കിയവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 421 | 419 | 2 | 3 |
| കൊല്ലം | 154 | 154 | 0 | 3 |
| പത്തനംതിട്ട | 40 | 40 | 0 | 4 |
| ഇടുക്കി | 24 | 24 | 0 | 3 |
| കോട്ടയം | 75 | 75 | 0 | 2 |
| ആലപ്പുഴ | 175 | 174 | 1 | 0 |
| എറണാകുളം | 322 | 322 | 0 | 1 |
| തൃശ്ശൂർ | 170 | 166 | 4 | 10 |
| പാലക്കാട് | 105 | 104 | 1 | 4 |
| മലപ്പുറം | 245 | 242 | 3 | 4 |
| കോഴിക്കോട് | 195 | 193 | 2 | 7 |
| വയനാട് | 54 | 54 | 0 | 0 |
| കണ്ണൂർ | 186 | 186 | 0 | 7 |
| കാസർഗോഡ് | 56 | 56 | 0 | 11 |
| ആകെ | 2222 | 2209 | 13 | 59 |